(സി) ഈ കുറ്റകൃത്യം നടത്തിയ പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) കുറ്റകൃത്യം നടന്നിട്ട് ഇത്രയും ദിവസങ്ങൾ കഴിഞ്ഞിട്ടും അന്വേഷണത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 24-1-2015-ാം തീയതി അർദ്ധരാത്രിയോടുകൂടി തിരുവല്ല പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മാർത്തോമ കോളേജിനു സമീപം മതിലുകൽ വീട്ടുമുറ്റത്തെ പോർച്ചിൽ കിടന്ന കാർ തീവെച്ച് നശിപ്പിക്കുകയും ടി വീട്ടു പുരയിടത്തിൽ കിടന്ന മറ്റൊരു വാഹനത്തിന്റെ പുറകുവശത്തെ ഗ്ലാസ്സ് കല്ലുകൊണ്ട് എറിഞ്ഞ് പൊട്ടിക്കുകയും ചെയ്ത സംഭവത്തിന് തിരുവല്ല പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 156/15 u/s 447, 435, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തിരുവല്ല സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളാരെന്ന് തിരിച്ചറിയാൻ സാധിച്ചിട്ടില്ല. ടി കേസിലെ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനായി ശാസ്ത്രീയ അന്വേഷണം നടത്തി വരുന്നു.

(ബി) പ്രതികളായി ആരെയും സംശയിക്കത്തക്ക വിവരം ലഭിച്ചിട്ടില്ല.

(സി) പ്രതികളെ തിരിച്ചറിയാത്തതിനാൽ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല.

(ഡി) അന്വേഷണത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. ഊർജ്ജിതവും ശാസ്ത്രീയവുമായ അന്വേഷണം തുടർന്നുവരുന്നു.

സോഷ്യൽ മീഡിയകളുടെ ദുരുപയോഗം

176 (181) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുപ്രചരണങ്ങൾ അഴിച്ചുവിടുന്നതിനും, വ്യക്തിഹത്യകൾ നടത്തുന്നതിനുമുൾപ്പെടെ സോഷ്യൽ മീഡിയാകൾ ദുരുപയോഗം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ സൈബർ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇത്തരം സാമൂഹ്യ മാധ്യമങ്ങളെ ദുരുപയോഗം ചെയ്യുന്നവർക്കെതിരെ സൈബർ നിയമങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ സൈബർ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ വിവിധ പോലീസ് ജില്ലകളിലുള്ള സൈബർ സെല്ലുകൾ, സംസ്ഥാന സൈബർ പോലീസ് സ്റ്റേഷൻ, ഹൈടെക് ക്രൈം ഇൻക്വയറി സെൽ എന്നിവ മുഖാന്തരം ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും, കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടു വരികയും ചെയ്യുന്നുണ്ട്. കൂടാതെ Information Technology Act 2000 പ്രകാരം എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകളിലും കേസുകൾ രജിസ്റ്റർ ചെയ്ത് ജില്ലാ സൈബർ സെൽ, ഹൈടെക് ക്രൈം എൻക്വയറി സെൽ എന്നിവയുടെ സഹായത്തോടെ അന്വേഷണം നടത്തുന്നുണ്ട്. അതീവ ഗുരുതരസ്വഭാവമുള്ള കേസുകൾ സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

സോഷ്യൽ മീഡിയവഴിയുള്ള പ്രതികരണങ്ങൾ

177 (182) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ വിവിധ അക്രമ സംഭവങ്ങളുടെ തുടർച്ചയായി മതസൗഹാർദ്ദം തകർക്കുന്ന തരത്തിൽ സോഷ്യൽ മീഡിയകളിലൂടെ ചില പ്രതികരണങ്ങളും കുറിപ്പുകളും പ്രചരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ജില്ലയിലെ ഏതെങ്കിലും വ്യക്തികളുടെയോ, സ്ഥാപനങ്ങളുടെയോ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) സോഷ്യൽ മീഡിയകളിലൂടെ ഇത്തരം പ്രതികരണങ്ങളും, കുറിപ്പുകളും പ്രചരിപ്പിക്കപ്പെടുന്നത് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് റൂറലിലെ നാദാപുരം പോലീസ് സ്റ്റേഷനിൽ ഇതുമായി ബന്ധപ്പെട്ട് 162/15, 147/15, 172/15, 188/15, 189/15, 191/15, 197/15 എന്നീ കേസുകൾ IT Act വകുപ്പ് 66(A) പ്രകാരവും IPC section 153 (A) പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly